# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3107 07.11.2019 -ൽ മറുപടിക്ക്

## കായിക ഇനങ്ങളുടെ ഗ്രേസ് മാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | കായിക ഇനങ്ങളിൽ അന്തർദേശീയ, ദേശീയ, സംസ്ഥാനതല മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ; | എ | ഉണ്ട് |
| ബി | ചെന്നൈ റൈഫിൾ ക്ലബ്ബ് നടത്തിയ ദക്ഷിണ മേഖല ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന്റെ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ 2018 ൽ വിദ്യാർത്ഥികൾ ഗ്രേസ് മാർക്ക് നേടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഉണ്ട്. ഈ വിഷയത്തിൽ കേസെടുത്ത് അന്വേഷിക്കുന്ന കൊല്ലം വെസ്റ്റ് പോലീസ് റിപ്പോർട്ട് നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു കൂടാതെ ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ.സജു.എസ്.ദാസ് WP(C).23905/19 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. |
| സി | വിദ്യാർത്ഥികൾ ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ അംഗീകാരവും അർഹതയുള്ളവയുമാണോ എന്ന് പരിശോധിക്കാതെ ഗ്രേസ് മാർക്ക് അനുവദിച്ചത് ഏത് സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ; | സി | സൗത്ത് സോൺ റൈഫിൾ ഷൂട്ടിംഗ് സംസ്ഥാന ചാമ്പ്യൻഷിപ്പ് പൊതുവിദ്യാഭ്യസ വകുപ്പ് നേരിട്ടല്ല നടത്തുന്നത്. സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ ഇനങ്ങളിലെ സർട്ടിഫി ക്കറ്റാണ് ഗ്രേസ് മാർക്കിനായി നൽകിയത്. സൗത്ത് സോൺ |

| | | | |
|---|---|---|---|
| | | | ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന്റെ സർട്ടിഫിക്കറ്റ് ഗ്രേസ് മാർക്കിന് പരിഗണിക്കാമെന്ന് സ്പോർട്സ് കൗൺസിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്കിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. |
| ഡി | പരാതി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് അറിയിക്കുമോ? | ഡി | പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽ പരാതി ലഭിച്ചിട്ടില്ല.. |

സെക്ഷൻ ഓഫീസർ